വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പിൽ നോൺ വൊക്കേഷണൽ ടീച്ചർ കൊമേഴ്സ് (സീനിയർ) തസ്തികയിലെ 21 ഒഴിവുകൾ ഇതുവരെ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പിൽ കൊമേഴ്സ് വിഷയത്തിൽ സീനിയർ അദ്ധ്യാപക തസ്തിക നിലവിലില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

വിവിധ വകുപ്പുകളിൽ നിയമനം ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ

60 (3691) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. അഡ്വൈസ് നൽകിയിട്ടും യഥാസമയം നിയമന ഉത്തരവ് നല്കാത്ത എത്ര വകുപ്പുകളും തസ്തികകളുമുണ്ട്; എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാനുണ്ട് ; വിശദാംശം നൽകുമോ ;

(ബി) എല്ലാ ജില്ലകളിലും നിലവിലുള്ള എൽ.ഡി. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് തസ്തികകളിലേക്ക് ഇതുവരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു ; എത്ര പേർക്ക് നിയമനം നീട്ടി എന്നിവ ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

എച്ച്.എസ്.എസ്.ടി. കോമേഴ്സ് റാങ്ക് ലിസ്റ്റ്

61 (3692) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള എച്ച്.എസ്.എസ്.ടി. കോമേഴ്സ് (സീനിയർ & ജൂനിയർ) റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെയായി എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്നും ഇപ്പോൾ എത്ര ഒഴിവുകളാണ് പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) എച്ച്.എസ്.എസ്.ടി. കോമേഴ്സ് റാങ്ക് ലിസ്റ്റിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേക്ക് അഡ്വൈസ് ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly